LIBRARY ARCHIVES Kerala Legislative Assembly

ഓരുവെള്ളം കയറുന്നത് തടയുവാൻ നടപടി

87 [1095] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർ വെള്ളം കയറുന്നത് കാരണം കുട്ടനാട്ടിൽ വ്യാപകമായി കൃഷിനാശം സംഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള കണക്കുകൾ എടുത്തിട്ടുണ്ടോ;

(സി) കൃഷിനാശം കാരണം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ 1551.52 ഹെക്ടർ നെൽക്കൃഷി ഉപ്പുവെള്ളം കയറി നശിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി, ഡി) 23-12-2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം‌എസ്.) 4125/03/ആർ.ഡി. പ്രകാരം കുട്ടനാട് പ്രദേശത്തും തുറവൂരിൽ കരിനിലപ്രദേശത്തും ഉപ്പുവെള്ളം കയറി ഉണ്ടായ കൃഷിനാശത്തിന്റെ തോത് നിശ്ചയിക്കാൻ പ്രസ്തുത ജില്ലകളിലെ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത പാടശേഖരങ്ങളിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടി കൈക്കൊള്ളുന്നതാണ്.

കൃഷിഭവനുകൾ ആരംഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

88 [1096] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കൃഷിഭവനുകൾ ആരംഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കൃഷിഭവൻ പ്രവർത്തിക്കാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20 ഗ്രാമപഞ്ചായത്തുകൾ.